**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5181** **21-07-2022 - ൽ മറുപടിയ്ക്ക്**

**പ്രത്യേക വികസന നിധിയിൽ നിന്ന് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. യുടെ പ്രത്യേക വികസന നിധിയിൽ നിന്നും നടപ്പാക്കുന്ന പദ്ധതികളിൽ റെസിഡൻസ് അസ്സോസിയേഷനുകൾക്ക് കാർഷിക മേഖലയിൽ നൂതന കാർഷിക സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനുള്ള ക്ലാസുകൾ സംഘടിപ്പിക്കുക, ഗ്രോ ബാഗുകൾ, സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ വഴി നടപ്പാക്കുന്ന അർക്ക വെർട്ടിക്കൽ ഗാർഡൻ വിതരണം ചെയ്യുക എന്നിവ ഉൾപ്പെടുത്താമോ എന്നറിയിക്കാമോ ? | (എ) | എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ പ്രാദേശികമായ ആവശ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്വഭാവമുള്ളതായിരിക്കുന്നതിനോടൊപ്പം സ്ഥിരമായി നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനുകൂടി ആകണം. കൂടാതെ അത്തരം ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. പ്രത്യേക വികസന ഫണ്ടിൽ നിന്ന് സൃഷ്ടിച്ച ആസ്തികളുടെ വിൽപന/കൈമാറ്റം/നിർമാർജനം എന്നിവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏറ്റെടുക്കാൻ പാടില്ല. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ പരിപാലനം ഗുണഭോക്തൃ സ്ഥാപനം ഉറപ്പാക്കേണ്ടതും ഗവൺമെന്റിന്റെ ആനുകാലിക ഓഡിറ്റിനും പരിശോധനയ്ക്കും വിധേയമായിരിക്കുന്നതും ആയിരിക്കും.<br><br>ഏതെങ്കിലും തരത്തിലുള്ള ഇൻവെന്ററി അല്ലെങ്കിൽ സ്റ്റോക്ക് വാങ്ങൽ, വ്യക്തിഗത നേട്ടത്തിനായി ആസ്തികൾ എന്നിവ പ്രോഗ്രാമിന് കീഴിൽ അനുവദനീയമല്ല. എന്നാൽ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ആസ്തികൾ അംഗീകൃത പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്. ആയതിനാൽ റെസിഡൻസ് അസ്സോസിയേഷനുകൾക്ക് കാർഷിക മേഖലയിൽ നൂതന കാർഷിക സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനുള്ള ക്ലാസുകൾ സംഘടിപ്പിക്കുക, ഗ്രോ ബാഗുകൾ, സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ വഴി നടപ്പാക്കുന്ന ആർക്ക് വെർട്ടിക്കൽ ഗാർഡൻ |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുക, എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ